# കണ്ണൂർ സർവ്വകലാശാല

<u>(സംഗ്രഹം)</u>

ജീവനക്കാര്യം - സർവ്വകലാശാല രജിസ്ട്രാറുടെ ചുമതലയിൽ നിന്നും ശ്രീ:മുഹമ്മദ് ഇ വി പി , ജോയിന്റ് രജിസ്ട്രാർ -നെ വിടുതൽ ചെയ്തു കൊണ്ടും ഡോ: അനിൽ ആർ, പ്രൊഫസർ & വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ & സ്പോർട്സ് സയൻസസ് - നെ രജിസ്ട്രാറുടെ പൂർണചുമതലയിൽ നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ സെക്ഷൻ

അഡ്മിൻ /എഡി എ2/15608/2021 (I)  തീയതി: 24.09.2021

---

പരാമർശം:-1. 01.07.2019 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ അഡ്മിൻ/എഡി എ2/12878/2019
2. 24.09.2021 നു വൈസ് ചാൻസലർ രജിസ്ട്രാർക്ക് അനുവദിച്ച കുറിപ്പ്

## <u>ഉത്തരവ്</u>

1. പരാമർശം (1) പ്രകാരം, സർവ്വകലാശാല രജിസ്ട്രാറുടെ പൂർണ്ണ ചുമതല മറ്റൊരു ഉത്തരവ് വരെ നിർവഹിക്കുവാൻ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ ശ്രീ: മുഹമ്മദ് ഇ വി പി - യെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവായിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം, ശ്രീ: മുഹമ്മദ് ഇ വി പി, ജോയിന്റ് രജിസ്ട്രാർ -നെ സർവ്വകലാശാല രജിസ്ട്രാറുടെ പൂർണ്ണ ചുമതലയിൽ നിന്നും 24.09.2021 ഉച്ചക്ക് ശേഷം പ്രാബല്യത്തിൽ വിടുതൽ ചെയ്യുന്നതിനും സർവ്വകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസിലെ പ്രൊഫസർ & വകുപ്പ് മേധാവി ഡോ: അനിൽ ആർ -നു രജിസ്ട്രാറുടെ ചുമതല നൽകുന്നതിനും വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

3. മേൽ വിഷയം പരിഗണിച്ച് വൈസ് ചാൻസലർ നൽകിയ അനുമതി പ്രകാരം താഴെ ചേർത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

   i. ഡോ: അനിൽ ആർ, പ്രൊഫസർ & വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ & സ്പോർട്സ് സയൻസസ് -നെ 24.09.2021 ഉച്ചക്ക് ശേഷം പ്രാബല്യം മുതൽ സർവ്വകലാശാല രജിസ്ട്രാറുടെ പൂർണ്ണ ചുമതലയിൽ നിയമിച്ച് ഉത്തരവാകുന്നു.

   ii. ശ്രീ: മുഹമ്മദ് ഇ വി പി, ജോയിന്റ് രജിസ്ട്രാർ -നെ സർവ്വകലാശാല രജിസ്ട്രാറുടെ പൂർണചുമതലയിൽ നിന്നും 24.09.2021 ഉച്ചക്ക് ശേഷം പ്രാബല്യത്തിൽ വിടുതൽ ചെയ്തുകൊണ്ടും ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ ചുമതലയിൽ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

   iii. ഡോ: അനിൽ ആർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ & സ്പോർട്സ് സയൻസസ് വകുപ്പ് മേധാവിയുടെ ചുമതല തുടർന്നും നിർവഹിക്കേണ്ടതാണ്.

   iv. NAAC അക്രെഡിറ്റേഷൻ/ മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശ്രീ: മുഹമ്മദ് ഇ വി പി, ജോയിന്റ് രജിസ്ട്രാറുടെ പേരിൽ നിലവിൽ അനുവദിച്ചിട്ടുള്ള മുൻകൂർ തുകകൾ തുടർന്ന് കൈകാര്യം ചെയ്യുന്നതിന് ഡോ:അനിൽ ആർ -നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

   v. മേൽ നിയമനം മുഖേനയുള്ള ചിലവുകൾ സർവ്വകലാശാല ബജറ്റ് എസ്റ്റിമേറ്റ്സിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്

ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു.

ഒപ്പ് /-

**SAJEEVAN M**

അസിസ്റ്റന്റ് രജിസ്ട്രാർ

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1. ഡോ: അനിൽ ആർ, പ്രൊഫസർ & വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ്
2. ശ്രീ: മുഹമ്മദ് ഇ വി പി, ജോയിന്റ് രജിസ്ട്രാർ

പകർപ്പ്: PS to VC/PA to PVC/PA to R/PA to FO/PA to CE/JD KSAD/SF

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ